## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2746 10.12.2014-ൽ മറുപടിക്ക്

### അസറ്റ് ഡവലപ്പ് മെന്റ് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. അസറ്റ് ഡവലപ്പ്മെന്റ് ഫണ്ടിൽ ഉൾ പ്പെടുത്തി വാമനപുരം, നെല്ലനാട് പഞ്ചായത്തുകളിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അത് ലഭിച്ചതെന്ന് അറിയിക്കുമോ ; | എ. ഉണ്ട്. നെല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കാനായുള്ള നിർദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും 12.07.2013, 05.10.2013 തീയതികളിൽ സർക്കാരിൽ ലഭിച്ചിരുന്നു. |
| ബി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ ഈ ഉത്തരവിന്റെ നമ്പരും തീയിതിയും എത്ര രൂപയുള്ള ഭരണാനുമതിയുമാണ് ലഭിച്ചതെന്നും അറിയിക്കുമോ; | ബി. ഉണ്ട്. 17.12.2013 ലെ സ.ഉ(സാധാ)നം. 1336/2013/ ജവിവ നമ്പർ ഉത്തരവ് പ്രകാരം 173.15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി ഭരണാനുമതി ലഭ്യമായാൽ സാധാരണ നിലയിൽ എത്ര നാളുകൾക്കകം പണി ആരംഭിക്കാനാണ് സാദ്ധ്യതയെന്ന് വിശദമാക്കുമോ ; | സി ഭരണാനുമതി ലഭ്യമായാൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതിയും ടെണ്ടർ അനുമതിയും നൽകിയ ശേഷം കരാറുകാരന് വർക്ക് ഓർഡർ നൽകി. 14 ദിവസത്തിനകം എഗ്രിമെന്റ് വച്ച് പണി ആരംഭിക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| ഡി | പ്രസ്തുത പദ്ധതിയുടെ പണി ആരംഭിക്കാതിരിക്കുന്നതിന് അസാധാരണമായ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; | ഡി | ഇല്ല. |
| ഇ | ഈ വിഷയത്തിലുള്ള ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ നാൾവഴി വിശദമാക്കാമോ; | ഇ | 12.09.2012 ൽ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് ബഹു. എം.എൽ.എ യുടെ 85 ലക്ഷം രൂപയുടെ നല്ലനാട്, വാമനപുരം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതിക്ക് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കുവാനായി കത്ത് ലഭിച്ചു. 01.10.2012 ൽ ഇതനുസരിച്ച് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് എഞ്ചിനീയർ ദക്ഷിണ മേഖലയ്ക്ക് നിർ ദ്ദേശം നൽകി. 24.05.2013 ൽ 173.15 ലക്ഷം രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഘട്ടം 1 ഉം 2 ഉം) ചീഫ് എഞ്ചിനീയർ, ദക്ഷിണ മേഖല, മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ചു. 03.09.2013 ൽ വാമനപുരം, നെല്ലനാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടമായി 86 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കാനായി 2013 -14 വർഷത്തെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ബഹു.എം.എൽ.എ. കത്ത് നൽകി. 12.07.2013. 05.10.2013 എന്നീ രണ്ട് തീയതികളിലായി രണ്ട് നിർ ദ്ദേശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്നും ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചു. സർക്കാർ 17.12.2013 ൽ ഭരണാനുമതി നൽകി.<br>ജല അതോറിറ്റി ഭരണാനുമതി നൽകിയത് 27.05.2014 നാണ്.<br>എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത് - 26.06.2014 |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് അനുമതി നൽകിയത് 15.07.2014<br>ദർഘാസ് വിളിച്ച തീയതി - 04.07.2014<br>ദർഘാസ തുറന്ന തീയതി - 30.07.2014<br>പ്രൈസ് ബിഡ് തുറന്ന തീയതി - 07.08.2014<br>ദർഘാസ് റദ്ദ് ചെയ്യുവാൻ 11.11.2014 ൽ ഉത്തരവായി<br>റീ ടെണ്ടർ നോട്ടീസ് നൽകിയ തീയതി - 25.11.14<br>റീ ടെണ്ടർ തുറക്കുന്ന തീയതി - 30.12.2014 |
| എഫ് | വാമനപുരം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 25.06.2014 ന് വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പറുടെ ചേംബറിൽ മീറ്റിംഗ് നടത്തിയിട്ടുണ്ടോ; ഈ മീറ്റിംഗിൽ ആരെല്ലാം പങ്കെടുത്തു; എന്തെല്ലാം തീരുമാനങ്ങളാണ് ഈ മീറ്റിംഗിൽ എടുത്തത്; പ്രസ്തുത മീറ്റിംഗിന്റെ പൂർണ്ണമായ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എഫ് | മീറ്റിംഗ് നടത്തിയിട്ടുണ്ട്. മീറ്റിംഗിൽ പങ്കെടുത്തവരുടെ പട്ടികയും മിനിട്സിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| ജി | പ്രസ്തുത മീറ്റിംഗിൽ കൈക്കൊണ്ട തീരുമാനങ്ങളും ഉറപ്പുകളും പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ആരാണ് ഉത്തരവാദികളെന്നും വിശദമാക്കുമോ; ഈ പദ്ധതിയുടെ ഫയലുകളിൽ അനാവശ്യവും അകാരണവുമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ | ജി | പാലിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വർക്കുമായി ബന്ധപ്പെട്ട് 25.06.2014 ലെ മീറ്റിംഗിൽ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ തീരുമാനമെടുത്തെങ്കിലും ടി പ്രവൃത്തിയുടെ ആദ്യത്തെ ടെണ്ടർ ക്ഷണിച്ചതിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യുകയും ചെയ്തു.<br><br>25.09.2014 ലെ ബോർഡ് |

| | |
|---|---|
| പേരുവിവരം വെളിപ്പെടു ത്തുമോ; ഇവർ ക്കെതിരെ നടപി സ്വീകരിക്കുമോ ? | മീറ്റിംഗിന്റെ അടിസ്ഥാനത്തിലാണ് 11.11.14 ൽ പ്രസ്തുത വർക്കിന് ലഭിച്ച ടെണ്ടർ ക്യാൻസൽ ചെയ്ത് റീ ടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചത്. അകാരണമായ കാലതാമസം ഉദ്യോഗസ്ഥ തലത്തിൽ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

ഉപദ്. അനുബന്ധം

**വാമനപുരം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതിയെക്കുറിച്ച് 25.06.14 ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ.കോലിയക്കോട് കൃഷ്ണൻ നായർ അവർകളുടെ സാന്നിദ്ധ്യത്തിൽ കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ മെമ്പറുടെ കാര്യാലയത്തിൽ കൂടിയ യോഗതീരുമാനങ്ങൾ**

യോഗം രാവിലെ 11. 30 ന് ആരംഭിച്ചു.

നെല്ലനാട് സ്കീമിന്റെ റോ വാട്ടർ പമ്പ് ഹൗസിൽ നിന്നും പുതിയ പമ്പും പമ്പിംഗ് മെയിനും സ്ഥാപിച്ച് വാമനപുരം പഞ്ചായത്തിലെ കൈലാസത്തുകുന്നിൽ ഭൂതലജലസംഭരണി നിർമ്മിച്ച് ജലം നെല്ലനാട്, വാമനപുരം എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്നതിനായി എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി 173.15 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കാത്തതിൽ എം.എൽ.എ പ്രതിഷേധം അറിയിച്ചു. ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും സെപ്തംബറോടുകൂടി പണി ആരംഭിക്കുവാനും എം.എൽ.എ നിർദ്ദേശം നൽകി.

തൈക്കാട് മുതൽ വിളവൂർ വരെയുള്ള പൈപ്പുലൈൻ, റോഡുപണിയുമായി ബന്ധപ്പെട്ട്, പുനഃസ്ഥാപിക്കുന്നതിന് KRFB ഫണ്ട് കേരള വാട്ടർ അതോറിറ്റിയ്ക്ക് അടച്ചിട്ടുണ്ടെന്ന് എം.എൽ.എ അഭിപ്രായപ്പെട്ടു. അതിൻപ്രകാരം പണി ഉടനെ തുടങ്ങുമെന്നും അതിന്റെ നിജസ്ഥിതി അറിയിക്കുന്നതിനായി ടെക്നിക്കൽ മെമ്പർ നെടുമങ്ങാട് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി.

യോഗം 12.30 ന് അവസാനിച്ചു.

ഒപ്പ്
ടെക്നിക്കൽ മെമ്പർ

സെക്ഷൻ ഓഫീസർ

(മുദ്രപ്പുറം)

**പങ്കെടുത്തവർ**

1. ശ്രീ.കോലിയക്കോട് കൃഷ്ണൻ നായർ, എം.എൽ.എ
2. ശ്രീ.റ്റി.സി.സുബ്രമൻ, ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
3. ശ്രീ.റ്റി.രാജേന്ദ്രൻ, ചീഫ് എഞ്ചിനീയർ(ദക്ഷിണമേഖല)
4. ശ്രീ.കൃഷ്ണകുമാർ.എം, സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്.സർക്കിൾ, തിരുവനന്തപുരം
5. ശ്രീമതി.ലീന ആർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വർക്സ് സൗത്ത്
6. ശ്രീമതി.വി.ജി.രേഖ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വർക്സ് സൗത്ത്
7. ശ്രീമതി.ലീനാകുമാരി.എസ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ
8. ശ്രീ.വി.സജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ
9. ശ്രീ.സന്തോഷ്, ടെക്നിക്കൽ അസിസ്റ്റന്റ്, ആറ്റിങ്ങൽ
10. ശ്രീ.ജയരാജ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ
11. ശ്രീ.വിജിൽസ്.ഡി, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആറ്റിങ്ങൽ
12. ശ്രീമതി.ഷിനോ മെറിൻ ജോൺ, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ-I, വർക്സ് സൗത്ത്
13. ശ്രീ.നിക്സൺ.എൽ.ഐ, അസിസ്റ്റന്റ് എഞ്ചിനീയർ-I വർക്സ് സൗത്ത്

സെക്ഷൻ ഓഫീസർ